(ബി) പ്രസ്തുത കാലയളവിൽ ഓരോ ജില്ലാ ബാങ്കിൽ നിന്നും തുടരാൻ അനുവദിക്കാതെ ഒഴിവാക്കപ്പെട്ടവർ എത്ര വീതമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ഭരണസമിതികൾ അധികാരം ഏറ്റെടുത്തതിനുശേഷം പി.എസ്.സി. വഴിയല്ലാതെ താൽക്കാലികമോ, സ്ഥിരമോ, മറ്റേതെങ്കിലും അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവരുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

	തിരുവനന്തപുരം	-	....
584/16	കൊല്ലം	-	18
	പത്തനംതിട്ട	-	9
	ആലപ്പുഴ	-	4
	ഇടുക്കി	-	41
	കോട്ടയം	-	2
	എറണാകുളം	-	8
	തൃശ്ശൂർ	-	....
	പാലക്കാട്	-	69
	മലപ്പുറം	-	12
	കോഴിക്കോട്	-	18
	കണ്ണൂർ	-	....
	വയനാട്	-	14
	കാസർഗോഡ്	-	26

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പതിനാല് ജില്ലാ ബാങ്കുകളിലും ഈ ഇനത്തിൽ ഒഴിവാക്കപ്പെട്ടവർ ഇല്ല.

ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം

85 (425) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) മത്സ്യഫെഡിൽ അഫിലിയേഷനുള്ള ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ളത് എത്ര സംഘങ്ങളിലാണ് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) മത്സ്യഫെഡ് ഭരണസമിതി തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്ക് തുടക്കം കുറിച്ചത് ഏത് തീയതിയിലാണ് ; ഈ തീയതിക്ക് ശേഷം മത്സ്യഫെഡിൽ അംഗത്വമുള്ള എത്ര പ്രാഥമിക സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തുകയുണ്ടായി ; വിശദമാക്കാമോ ;

(സി) മത്സ്യഫെഡിൽ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള അംഗസംഘങ്ങൾ എത്ര ; അതിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ളവ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) മത്സ്യഫെഡിൽ അഫിലിയേഷനുള്ള ഫിഷറീസ് പ്രാഥമിക സഹകരണ സംഘങ്ങളിൽ 95 സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ലയുടെ പേര്	അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയിട്ടുള്ള സംഘങ്ങളുടെ എണ്ണം
1.	തിരുവനന്തപുരം	11
2.	ആലപ്പുഴ	14
3.	കൊല്ലം	4
4.	കോട്ടയം	4
5.	എറണാകുളം	32

LIBRARY ARCHIVES Kerala Legislative Assembly

6.	തൃശ്ശൂർ	2
7.	മലപ്പുറം	24
8.	കോഴിക്കോട്	4
9.	കാസർഗോഡ്	...
10.	കണ്ണൂർ	....
11.	പത്തനംതിട്ട	....

പാലക്കാട്, ഇടുക്കി, വയനാട് ജില്ലകളിൽ മത്സ്യഫെഡിൽ അഫിലിയേഷൻ ഉള്ള സംഘങ്ങൾ ഇല്ല.

(ബി) മത്സ്യഫെഡ് ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി 31-10-2014-ലെ ഇ(1)4241/2014/ എസ്.സി.ഇ.സി. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 31-10-14-നുശേഷം മത്സ്യഫെഡിൽ അംഗത്വമുള്ള എറണാകുളം ജില്ലയിലെ ഒരു പ്രാഥമിക സഹകരണ സംഘത്തിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മത്സ്യഫെഡിൽ ഭരണസമിതി തെരഞ്ഞെടുപ്പിൽ വോട്ടവകാശമുള്ള 644 അംഗസംഘങ്ങൾ ഉണ്ട്. ഇതിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലുള്ള സഹകരണ സംഘങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	19
ആലപ്പുഴ	31
കൊല്ലം	10
പത്തനംതിട്ട	....

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	4
എറണാകുളം	34
തൃശ്ശൂർ	2
മലപ്പുറം	24
കോഴിക്കോട്	5
കാസർഗോഡ്	ഇല്ല
കണ്ണൂർ	2
ആകെ	131

കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

86 (426) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ വിവിധ ഔട്ട്‌ലെറ്റുകളിൽ ആവശ്യത്തിന് സാധനങ്ങളുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സബ്സിഡി നിരക്കിൽ നൽകുന്ന സാധനങ്ങൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പുവരുത്തുമോ ;

(സി) കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്ന് എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ നൽകുന്ന സാധനങ്ങൾ ആവശ്യത്തിന് സ്റ്റോക്ക് ഉണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) കൺസ്യൂമർ ഫെഡിന്റെ നീതി മെഡിക്കൽ സ്റ്റോറുകളിൽ ആവശ്യത്തിന് മരുന്ന് ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly